**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ പരിശോധനയും പെൻഷൻ മാനദണ്ഡങ്ങളുടെ പരിഷ്കരണവും - പുതിയ അപേക്ഷകർക്ക് ഡാറ്റാ എൻട്രി അനുവദിക്കലും -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം. 241/2018/ധന. തീയതി, തിരുവനന്തപുരം, 06/07/2018

---

പരാമർശം :- 1) 21-06-2018 ലെ ബഹു ധനകാര്യ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്സ്

2) 25-05-2017 ലെ 460587/2017/ധന നമ്പർ സർക്കുലർ

3) 06-11-2017 ലെ സ.ഉ(എം എസ്)നം. 483/2017/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

നിലവിൽ സംസ്ഥാനത്ത് 42.14 ലക്ഷം പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങി വരുന്നുണ്ട്. നിരവധി പേർ മരണപ്പെടുകയോ തിരോധാനം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. വിധവാ പെൻഷൻ വാങ്ങുന്നവരിൽ കുറേ പേർ പുനർ വിവാഹിതരായിട്ടുമുണ്ട് . ഇവർക്ക് ലഭിച്ചിരുന്ന/ലഭിച്ചു കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ നിർത്തലാക്കേണ്ടതുണ്ട് . സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ പുതിയ അപേക്ഷകരുടെ ഡാറ്റാ എൻട്രി പരാമർശം രണ്ടു പ്രകാരം താത്കാലികമായി നിർത്തി വച്ച് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഏകദേശം 3.40 ലക്ഷം പുതിയ അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്യാൻ പ്രാദേശിക സർക്കാരുകളിൽ അവശേഷിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് ചില അർഹതാ മാനദണ്ഡങ്ങൾ കൂടി ഉൾക്കൊള്ളിക്കുമെന്ന് 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

I) നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ മഹിളാ പ്രധാൻ/ എസ്എഎസ് ഏജന്റുമാർ മുഖേന പരിശോധിക്കുന്നതാണ്.

II) പരിശോധനയ്ക്ക് ആവശ്യമായ ടാബുകൾ മഹിളാ പ്രധാൻ/എസ്എഎസ് ഏജന്റുമാർക്ക് സർക്കാർ ലഭ്യമാക്കുന്നതാണ്.

III) പരിശോധനയ്ക്കായി 10331 എണ്ണം ടാബുകൾ ആവശ്യമാണ്. കേരള സ്റ്റേറ്റ് ഐടി മിഷൻ ഇതിനകം തന്നെ വാങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള 2650 എണ്ണം ടാബുകൾ ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്. ആവശ്യമായ ബാക്കി 7681 ടാബുകൾ നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഐടി മിഷൻ സ്വീകരിക്കേണ്ടതാണ്.

IV) ടാബിൽ 4 ജി കണക്ഷൻ ഇൻബിൽറ്റ് ആയിരിക്കേണ്ടതും വിരലടയാളം (Fingerprint)/കൃഷ്ണമണി വച്ച് (iris) ആധാർ സാധൂകരണം നടത്താൻ സൗകര്യം ഉണ്ടായിരിക്കുകയും വേണം.

V) ടാബുകളിൽ ഉപയോഗിക്കുന്നതിലേക്ക് ആവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിലേക്കും ഇത്തരത്തിൽ ടാബിൽ ഉൾപ്പെടുന്ന വിവരങ്ങൾ സേവന സോഫ്റ്റ്

വെയറിൽ അപ്പോൾ തന്നെ അപ് ലോഡ് ചെയ്യപ്പെടുന്ന രീതിയിൽ ക്രമീകരണം നടത്തുന്നതിലേക്കും ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തുന്നു. രേഖപ്പെടുത്തുന്ന വിവരങ്ങൾ അപ്പോൾ തന്നെ നിരീക്ഷണം (Monitoring) നടത്തുന്നതിന് സഹായകമായ ഒരു ഡാഷ് ബോർഡും ഇൻഫർമേഷൻ കേരള മിഷൻ സൃഷ്ടിക്കേണ്ടതാണ്.

VI) പരിശോധനയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിലേക്ക് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിൽ ട്രയൽ റൺ നടത്തുന്നതാണ്.

VII) പരിശോധനയ്ക്ക് നിയമിക്കപ്പെട്ട മഹിളാ പ്രധാൻ / എസ് എ എസ് ഏജന്റുമാരുടെ ലിസ്റ്റ് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്. ടി ഏജന്റുമാർക്ക് ആവശ്യമായ പരിശീലനം ഐടി മിഷൻ നൽകുന്നതാണ്.

VIII) പരിശോധനയ്ക്ക് നിയമിക്കപ്പെടുന്ന മഹിളാ പ്രധാൻ / എസ് എ എസ് ഏജന്റുമാരുടെ ബ്ലോക്ക് തലത്തിലുള്ള മേൽ നോട്ട ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ തലത്തിലുള്ള മേൽനോട്ട ചുമതല എൻഎസ്ഡി അസിസ്റ്റന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർക്കുമായിരിക്കുന്നതുമാണ്.

IX) മഹിളാ പ്രധാൻ/എസ് എ എസ് ഏജന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എൻ എസ് ഡി അസിസ്റ്റന്റ് ഡയറക്ടർ /ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്കുള്ള ലോഗ് ഇൻ വിശദാംശങ്ങൾ ഐകെഎം ലഭ്യമാക്കുന്നതായിരിക്കും.

X) ഗുണഭോക്താവിന്റെ വിവരങ്ങൾ കൃത്യമായി പരിശോധിച്ച് ടാബിൽ രേഖപ്പെടുത്തേണ്ടത് മഹിളാപ്രധാൻ/എസ്എഎസ് ഏജന്റുമാരുടെ ഉത്തരവാദിത്വം ആയിരിക്കും.ഇതിൽ വീഴ്ച വരുത്തിയാൽ ഇക്കാര്യം സർക്കാർ ഗൗരവമായി വീക്ഷിക്കുന്നതായിരിക്കും.

2. നിലവിലുള്ള ഗുണഭോക്താക്കളുടെ ആധാർ സാധൂകരണം നടത്തേണ്ടതാണ്. സാധൂകരണം നടത്താൻ കഴിയാത്തവർക്ക് ഇതു സംബന്ധിച്ച വ്യക്തമായ രേഖകൾ ഹാജരാക്കാൻ നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാർ സെക്രട്ടറി സാധൂകരണം ചേയ്യേണ്ടതുമാണ്.

3. സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കുള്ള പുതിയ അപേക്ഷകൾക്ക് ഡാറ്റാ എൻട്രി അനുവദിയ്ക്കുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് പരാമർശം(3) പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങളിൽ യാതൊരു വിധ മാറ്റങ്ങളും ഇല്ല. പുതിയ അപേക്ഷകർക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കുപുറമേ താഴെപ്പറയുന്ന (I) മുതൽ (IV) വരെയുള്ള നിബന്ധനകൾ കൂടി ബാധകമായിരിക്കും.

   I) 1200 ചതുരശ്ര അടിയിൽ കൂടുതൽ വലിപ്പമുള്ള വീടുകളിൽ താമസിക്കുന്നവർ,1000 cc യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള വാഹനങ്ങൾ സ്വന്തമായിട്ടുള്ളവർ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർതയുണ്ടായിരിക്കുന്നതല്ല.

   II) പുതിയ അപേക്ഷകർക്ക് ഒരു പെൻഷന് മാത്രമേ (ക്ഷേമനിധി ബോർഡ്/ സാമൂഹ്യ സുരക്ഷാ പെൻഷൻ) അർഹത ഉണ്ടാകുകയുള്ളൂ. എന്നാൽ വികലാംഗ പെൻഷൻ ലഭിക്കുന്നർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി മറ്റൊരു പെൻഷൻ കൂടി 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും.

   III) പൊതു മേഖല സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

   IV) നിലവിൽ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ വാങ്ങുന്നവർക്ക് (പുതിയ അപേക്ഷകർക്ക്) ഏതെങ്കിലുമൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി 600

രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപിഎഫ് പെൻഷൻ ലഭിക്കുന്നവർക്ക്(പുതിയ അപേക്ഷകർക്ക്)ഏതെങ്കിലുമൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി 600/ രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.

V) സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പുതിയ അപേക്ഷകളുടെ ഡാറ്റാ എൻട്രി പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വേണം പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നടത്തേണ്ടത്.

VI) പുതിയ അപേക്ഷകളിൽ ആധാർ സാധൂകരണം നടത്തിക്കഴിഞ്ഞാൽ മാത്രമേ ഡാറ്റാ എൻട്രി തുടർന്നു നടത്തുവാൻ കഴിയുകയുള്ളൂ. ഇതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ ഇൻഫർമേഷൻ കേരള മിഷൻ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

VII) മുകളിൽ 3 (I) മുതൽ (IV) വരെ)പരാമർശിച്ച മാനദണ്ഡങ്ങൾ പ്രകാരം പ്രാദേശിക സർക്കാരുകളിൽ ലഭിച്ച അപേക്ഷകളിൽ നിലവിൽ യാതൊരുവിധ പെൻഷനും (സാമൂഹ്യ സുരക്ഷ/ക്ഷേമനിധി/ഇപിഎഫ്/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള പെൻഷൻ മുതലായവ ഉൾപ്പെടെ) ലഭിക്കാത്തവരുടെ അപേക്ഷകൾ മാത്രം ഡാറ്റാ എൻട്രി നടത്തുന്നതിന് അനുമതി നൽകുന്നു. രണ്ടാമത്തെ പെൻഷനുള്ള അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതാണ്.

VIII) അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കാതെ, അനർഹമായി പെൻഷൻ അനുവദിക്കുകയാണെങ്കിൽ അത്തരത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും ബാധ്യസ്ഥരായിരിക്കും.

IX) നിരസിച്ച പുതിയ അപേക്ഷകൾ സംബന്ധിച്ച അപ്പീലുകൾ അദാലത്തുകൾ വഴി പരിശോധിച്ച് തീർപ്പ കൽപ്പിക്കുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

4. നിലവിലുള്ള ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് നടത്തുന്നതിനാവശ്യമായ സോഫ്റ്റ് വെയർ എൻ ഐ സി തയ്യാറാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ , ദേശീയ സമ്പാദ്യ പദ്ധതി , തിരുവനന്തപുരം
ഡയറക്ടർ , ഗ്രാമ വികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഐ ടി മിഷൻ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ഗ്രാമ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ദേശിയ സമ്പാദ്യ പദ്ധതിയിലെ എല്ലാ അസ്സിസ്റ്റന്റ് / ഡെപ്യൂട്ടി ഡയറക്ടർകാർക്കും ( ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ മുഖാന്തിരം)

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.